"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി കവടിയാർ - അമ്പലമുക്ക് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 298/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.3030/2025/LSGD** **തീയതി, തിരുവനന്തപുരം, 20-12-2025**

---

പരാമർശം:-
1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 23/09/2025 തീയതിയിലെ എ3/1726/2024/ട്രിഡ നമ്പർ കത്ത്.
2. സ.ഉ.(സാധാ) നം. 2493/2025/തസ്വഭവ, തീയതി, 13/10/2025.
3. സ.ഉ.(സാധാ) നം. 9428/2025/ധന, തീയതി, 23/11/2025.

**<u>ഉത്തരവ്</u>**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി കവടിയാർ - അമ്പലമുക്ക് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 298/2009 നമ്പർ കേസിന്റെ ബാലൻസ് വിധിക്കടത്തുകയായ 1,31,489/- രൂപ (ഒരു ലക്ഷത്തി മുപ്പത്തിയൊന്നായിരത്തി നാന്നൂറ്റി എൺപത്തിയൊമ്പത് രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) മേൽ പരാമർശിച്ച എൽ.എ.ആർ. 298/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 1,31,489/- രൂപ (ഒരു ലക്ഷത്തി മുപ്പത്തിയൊന്നായിരത്തി നാന്നൂറ്റി എൺപത്തിയൊമ്പത് രൂപ മാത്രം) ടി കേസിലെ കക്ഷിയായ സെക്രട്ടറി/ട്രഷറർ, ഇന്ത്യാ ഇവാഞ്ചലിക്കൽ ലൂതറൻ ചർച്ച്-ന് അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയും പരാമർശം (3) പ്രകാരം '4217-60-800-93 Payment of Compensation in LAR Cases (Plan Charged)' എന്ന ശീർഷകത്തിൽ 1,32,000/- രൂപ അധിക ധനാനുമതിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധിക ധനാനുമതിയുടെയും അടിസ്ഥാനത്തിൽ, തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി കവടിയാർ - അമ്പലമുക്ക് റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ കുടപ്പനക്കുന്ന് വില്ലേജിൽ റീ. സർവ്വേ നം. 75/140-ൽ ഉൾപ്പെട്ടതും ഇന്ത്യാ ഇവാഞ്ചലിക്കൽ ലൂതറൻ ചർച്ചിന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 0.89 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 298/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 1,31,489/- രൂപ (ഒരു ലക്ഷത്തി മുപ്പത്തിയൊന്നായിരത്തി നാന്നൂറ്റി എൺപത്തിയൊമ്പത് രൂപ മാത്രം) ടി കേസിലെ കക്ഷിയായ സെക്രട്ടറി/ട്രഷറർ, ഇന്ത്യാ

ഇവാഞ്ചലിക്കൽ ലൂതറൻ ചർച്ച്-ന് അനുവദിക്കുന്നതിനായി '4217-60-800-93 Payment of compensation in LAR Cases (Plan - Charged)' എന്ന ശീർഷകത്തിൽ നിന്നും തിരുവനന്തപുരം ജില്ലാ കളക്ടർക്ക് റിലീസ് ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

4) പരാമർശം (3) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിലുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASHA A K

**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം.
സെക്രട്ടറി/ട്രഷറർ, ഇന്ത്യാ ഇവാഞ്ചലിക്കൽ ലൂതറൻ ചർച്ച്, Turest Association, നാഗർകോവിൽ -1 (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (WCD-3/109/2025-FIN. dated 03/12/2025).
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി (RE1/307/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Manikkuttan R
Date: 20-12-2025 16:32:03

സെക്ഷൻ ഓഫീസർ